**റിയോ ഡി ജനീറോയിൽ BRICS ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ബൊളീവിയ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി (ജൂലൈ 07, 2025)**

ജൂലൈ 07, 2025

ബ്രസീലിലെ റിയോ ഡി ജനീറോയിൽ BRICS ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ബൊളീവിയയിലെ പ്ലൂറിനാഷണൽ (ബഹുരാഷ്ട്ര സിദ്ധാന്തം)സ്റ്റേറ്റ് പ്രസിഡന്റ് ലൂയിസ് ആർസ് കാറ്റകോറയുമായി കൂടിക്കാഴ്ച നടത്തി.

2. ഇരു നേതാക്കളും ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യുകയും പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. നിർണായക ധാതുക്കൾ, വ്യാപാരവും വാണിജ്യവും, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, UPI, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, പരമ്പരാഗത ഔഷധം, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയിലെ സഹകരണം ചർച്ച ചെയ്തു. നിർണായക ധാതു മേഖലയിൽ മെച്ചപ്പെട്ട സഹകരണത്തിനും മേഖലയിൽ സുസ്ഥിരവും പരസ്പരം ഗുണകരവുമായ പങ്കാളിത്തങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ ഇരു നേതാക്കളും തിരിച്ചറിഞ്ഞു. ക്വിക്ക് ഇംപാക്ട് പ്രോജക്റ്റുകൾ, ITEC സ്കോളർഷിപ്പ് പ്രോഗ്രാമുകൾക്ക് കീഴിലുള്ള ശേഷി വർദ്ധിപ്പിക്കൽ സംരംഭങ്ങൾ എന്നിവ ഉൾപ്പെടെ രണ്ട് രാജ്യങ്ങളും തമ്മിൽ നിലവിലുള്ള വികസന സഹകരണത്തിൽ അവർ സംതൃപ്തി പ്രകടിപ്പിച്ചു.

3. ലാ പാസിലും രാജ്യത്തിന്റെ മറ്റ് നിരവധി ഭാഗങ്ങളിലും 2025- മാർച്ച്-ഏപ്രിലിൽ ഉണ്ടായ രൂക്ഷമായ വെള്ളപ്പൊക്കത്തിൽ ബൊളീവിയയിലെ ജനങ്ങളോട് പ്രധാനമന്ത്രി ഐക്യദാർഢ്യം പ്രകടിപ്പിച്ചു. അന്താരാഷ്ട്ര സൗരോർജ്ജ സഖ്യത്തിൽ ചേർന്നതിന് ബൊളീവിയയെ അദ്ദേഹം അഭിനന്ദിച്ചു.

4. 2025 ആഗസ്റ്റ് 6 ന് ബൊളീവിയയുടെ സ്വാതന്ത്ര്യത്തിന്റെ 200-ാം വാർഷികാഘോഷ വേളയിൽ പ്രധാനമന്ത്രി ബൊളീവിയയിലെ ജനങ്ങൾക്കും ഗവൺമെന്റിനും ഊഷ്മളമായ ആശംസകൾ നേർന്നു.

റിയോ ഡി ജനീറോ

**ജൂലൈ 07, 2025**